# സംസ്ഥാനവാർത്തകൾ

## മാർച്ച് 1 മുതൽ നഗരത്തിൽ പ്ളാസ്റ്റിക് നിരോധനം

നടപ്പാക്കാൻ പലകുറി ഒരുങ്ങുകയും വ്യാപാരികളുടെ എതിർപ്പിനെത്തുടർന്ന് മാറ്റിവയ്ക്കുകയും ചെയ്ത പ്ളാസ്റ്റിക് കാരി ബാഗ് നിരോധനം നഗരസഭാ പരിധിയിൽ മാർച്ച് ഒന്നു മുതൽ കർശനമായി നടപ്പാക്കും. എത്ര മൈക്രോണിലുള്ള പ്ളാസ്റ്റിക് കാരി ബാഗും ഡിസ്പോസിബിൾ ഉല്പന്നങ്ങളും നിരോധനത്തിന്റെ പരിധിയിൽ വരും. ഇപ്പോൾ 50 മൈക്രോൺവരെ കനമുള്ള പ്ളാസ്റ്റിക് കാരി ബാഗുകൾക്കാണ് നിരോധനമുള്ളത്. മുൻകാലങ്ങളിൽ നഗരസഭയുടെ ആരോഗ്യവിഭാഗം ഉദ്യോഗസ്ഥരെയുപയോഗിച്ചാണ് പ്ളാസ്റ്റിക്കിനെ നേരിട്ടിരുന്നതെങ്കിൽ ഇക്കുറി പൊലീസ് സഹായത്തോടെയാണ് പ്ളാസ്റ്റിക് നിരോധനം നടപ്പാക്കുക. ഒരുവശത്ത്, പ്ളാസ്റ്റിക് കാരി ബാഗുകളുണ്ടാക്കുന്ന വിപത്ത് നഗരസഭ തുറന്നുകാട്ടും. മറുവശത്ത് കടകളിൽ പരിശോധന നടത്തി പൊലീസ് പ്ളാസ്റ്റിക് പിടിച്ചെടുത്ത് കേസാക്കും. ഇതായിരിക്കും പ്ളാസ്റ്റിക് നിരോധനം നടപ്പാക്കുന്നതിന്റെ രീതി. പ്ളാസ്റ്റിക് നിരോധനത്തിന് വ്യാപാരികളുടെയും നഗരത്തിലെ റസിഡന്റ്സ് അസോസിയേഷനുകളുടെയും സഹായം നഗരസഭ തേടിയിട്ടുണ്ട്.

(കേ.കൗ. 21/02)

*********

.